നിർദ്ദേശിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ അനുസരിച്ച് കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ അംഗീകാരം ഇതിന് ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയായിട്ടില്ല.

73 (3398) ട്രേഡ് അപ്രന്റീസുകളുടെ പ്രതിമാസ സ്റ്റൈപ്പന്റ്

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രേഡ് അപ്രന്റീസുകൾക്ക് നൽകുന്ന പുതിക്കിയ പ്രതിമാസ സ്റ്റൈപ്പന്റ്; കെ.എസ്.ആർ.ടി.സി.യിലെ അപ്രന്റീസുകൾക്ക് നൽകുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റൈപ്പന്റ് ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

74 (3399) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ഡി.എ. കുടിശ്ശിക

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കുടിശ്ശികയായ ഒരു ഗഡു ഡി.എ. നൽകാമെന്നു പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.എ. എന്നേയ്ക്ക് നൽകുവാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)

1-1-'98 മുതൽ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർക്ക് അനുവദിച്ചു നൽകിയ ഡി.എ. വർദ്ധനവ് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 6/99 മുതൽ നൽകുന്നതിന് തീരുമാനമായിട്ടുണ്ട്.

75 (3400) ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജ്

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സ്ഥാപിച്ച ശ്രീചിത്തിരതിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റ് ഇപ്പോൾ ആർക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിന്റെ ഭരണസമിതിയുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) ഈ കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത്;

(ഡി) ഈ കോഴ്സുകൾക്ക് കേരളത്തിലേയും കേരളത്തിന് വെളിയിലുള്ള സർവ്വകലാശാലകളിലേയും അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഇ) അംഗീകാരത്തിന് അപേക്ഷ കൊടുക്കേണ്ട അധികാരികൾ ആരാണ്;

(എഫ്) അവർ കൃത്യസമയത്തിനു അംഗീകാരത്തിനുവേണ്ടി അപേക്ഷകൾ നൽകിയിട്ടുണ്ടോ;

(ജി) ഈ കോളേജിൽ നടക്കുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഓട്ടോമൊബൈൽ) എന്ന ഡിഗ്രി കോഴ്സിന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ മറ്റ് ഡിഗ്രികൾക്കൊപ്പം അംഗീകാരം വാങ്ങുന്നതിന് നടപടികൾ എടുക്കാൻ തയ്യാറാകുമോ;

(എച്ച്) ഈ പുതിയ എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ് ഇന്ത്യയിലെ മറ്റ് ഏതെല്ലാം സർവ്വകലാശാലകളിലാണ് ഉള്ളതെന്ന് അന്വേഷിച്ച് അറിയിക്കുമോ;

(ഐ) മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഓട്ടോമൊബൈൽ) ഡിഗ്രിക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആശങ്ക അകറ്റാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ജെ) ഈ ഡിഗ്രി കേന്ദ്ര സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളെക്കൊണ്ട് അംഗീകരിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ-കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1951 അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റിയ്ക്കാണ് മാനേജ്മെന്റ്.

(ബി)

1.	ട്രാൻസ്പോർട്ട് മിനിസ്റ്റർ	ചെയർമാൻ
2.	സെക്രട്ടറി, ട്രാൻസ്പോർട്ട് വകുപ്പ്	വൈസ് ചെയർമാൻ
3.	മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.	മെമ്പർ
4.	ഫൈനാൻസ് അഡ്വൈസർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.	മെമ്പർ
5.	കെ.എസ്.ആർ.ടി.സി.യിൽ നിന്നും ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് ഡയറക്ടർമാർ	മെമ്പേഴ്സ്
6.	ചെയർമാൻ നാമനിർദേശം ചെയ്യുന്ന രണ്ടു വിദ്യാഭ്യാസ വിചക്ഷണർ	മെമ്പേഴ്സ്
7.	കോളേജ് പ്രിൻസിപ്പൽ	മെമ്പർ സെക്രട്ടറി
8.	ഫൈനാൻസ് ഡിപ്പാർട്ട്മെന്റിന്റെ	

LIBRARY ARCHIVES Kerala Legislative Assembly

പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ
അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന
ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത
ഒരു ഉദ്യോഗസ്ഥൻ — മെമ്പർ

9. പ്രിൻസിപ്പൽ സെക്രട്ടറി,
ഹയർ എഡ്യൂക്കേഷൻ അല്ലെങ്കിൽ
അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന
ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത
ഒരു ഉദ്യോഗസ്ഥൻ — മെമ്പർ

(സി) 1. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്.

2. കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്.

3. മെക്കാനിക്കൽ - ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്.

4. മെക്കാനിക്കൽ പ്രൊഡക്ഷൻ എഞ്ചിനീയറിംഗ്.

(ഡി) കേരള യൂണിവേഴ്സിറ്റിയുടെയും ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റേയും അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഇ) മാനേജ്മെന്റ് ആണ് അപേക്ഷ കൊടുത്തത്.

(എഫ്) ഉണ്ട്.

(ജി) മെക്കാനിക്കൽ ആട്ടോമൊബൈൽ എഞ്ചിനീയറിംഗ് മിശ്രിത കേരള യൂണിവേഴ്സിറ്റിയുടെയും ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെയും അംഗീകാരം ഉണ്ട്.

(എച്ച്) മദ്രാസ് യൂണിവേഴ്സിറ്റിയിലും മൈസൂർ യൂണിവേഴ്സിറ്റിയിലും കർണ്ണാടക യൂണിവേഴ്സിറ്റിയിലും ഓട്ടോമൊബൈൽ ഡിഗ്രി കോഴ്സ് നടത്തുന്നുണ്ട്.

(ഐ) കേരള യൂണിവേഴ്സിറ്റിയും, ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷനും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ഓട്ടോമൊബൈൽ) ഡിഗ്രി അംഗീകരിച്ചിട്ടുള്ള സ്ഥിതിക്ക് ആശങ്കയ്ക്ക് വഴിയില്ല.

(ജെ) കേന്ദ്ര സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനുകളുടെ പ്രത്യേക അംഗീകാരം ആവശ്യമില്ല. കേരള ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലെ ഓട്ടോമൊബൈൽ ഉൾപ്പടെയുള്ള ഉപവിഭാഗങ്ങളെയും മെക്കാനിക്കൽ ഡിഗ്രിക്ക് തുല്യമായി പരിഗണിക്കുന്നുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്ന മറ്റ് ഉദ്യോഗങ്ങൾക്കും കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്ന ഉദ്യോഗങ്ങൾക്കും മെക്കാനിക്കൽ (ഓട്ടോമൊബൈൽ) എഞ്ചിനീയറിംഗ് ഡിഗ്രി, മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിഗ്രിക്ക് തുല്യമായി പരിഗണിക്കേണ്ടതാണെന്ന് ടി കമ്മിഷനുകളെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly